"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും റെസ്യൂം ചെയ്ത തുക തിരികെ അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര (സി) വകുപ്പ്

സ.ഉ.(സാധാ) നം.228/2026/TSM തീയതി,തിരുവനന്തപുരം, 20-04-2026

---

പരാമർശം:- 1. 01.04.26 - ലെ സർക്കുലർ നം.17/26/ഫിൻ.

2. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06.04.2026-ലെ കെ.ആർ.റ്റി.എം.എസ്/87/2026-എ നമ്പർ കത്ത്.

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തിൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ PSTSB അക്കൗണ്ടിൽ ബാക്കി ഉണ്ടായിരുന്ന ₹1,15,98,727/- രൂപ 31.03.2026-ന് തിരികെ പിടിച്ചിരിക്കുകയാണെന്നും നിലവിൽ കെ.ആർ.ടി.എം സൊസൈറ്റി ജീവനക്കാരുടെ ശമ്പളം പ്ലാൻ ഫണ്ടിൽ നിന്നാണ് നൽകുന്നതെന്നും അതിനാൽ, ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള നിർബന്ധിത ചെലവുകൾ നിറവേറ്റുന്നതിനായി കെ.ആർ.ടി.എം സൊസൈറ്റിയുടെ PSTSB അക്കൗണ്ടിൽ നിന്നും തിരികെ പിടിച്ച ₹ 1,15,98,727/- രൂപ വീണ്ടും അനുവദിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ 3452-80-104-89- Responsible Tourism P-V ശീർഷകത്തിൽ 2026 - 27 സാമ്പത്തിക വർഷം മതിയായ തുക വകയിരുത്തിയിട്ടുള്ളതിനാൽ, പരാമർശം (1) സർക്കുലറിലെ നിർദ്ദേശപ്രകാരവും, ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായും 2025-26 സാമ്പത്തിക

വർഷത്തിൽ കെ.ആർ.ടി.എം സൊസൈറ്റിയുടെ PSTSB അക്കൗണ്ടിൽ ബാക്കി ഉണ്ടായിരുന്നതും 31.03.2026 - ന് റെസ്യൂം ചെയ്തതുമായ ₹1,15,98,727/- രൂപ (ഒരു കോടി പതിനഞ്ച് ലക്ഷത്തി തൊണ്ണൂറ്റി എണ്ണായിരത്തി എഴുന്നൂറ്റിഇരുപത്തിയേഴ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം 3452-80-104-89-Responsible Tourism P-V ശീർഷകത്തിൽ തിരികെ അനുവദിച്ച് ഉത്തരവാകുന്നു.

1) റെസ്യൂം ചെയ്ത തുക തിരികെ അനുവദിച്ച നടപടി 2026-27 സാമ്പത്തിക വർഷം ചേരുന്ന ആദ്യ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ സാധൂകരണത്തിനായി സമർപ്പിക്കേണ്ടതാണ്.

2) 2025-26 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ ഘടകങ്ങൾക്ക് തന്നെയാണ് ടി തുക വിനിയോഗിക്കുന്നതെന്ന് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി, പാർക്ക് വ്യൂ തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി(C2/135/2026-TOUR)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ